LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ ഗെയിംസിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് വർക്ക്സ് ടെക്നിക്കൽ കമ്മിറ്റി, പർച്ചേസ് കമ്മിറ്റി, ട്രാൻസ്പോർട്ട് കമ്മിറ്റി, ഫുഡ് കമ്മിറ്റി തുടങ്ങി 22 കമ്മിറ്റികൾ ഉണ്ട്. ഈ കമ്മിറ്റികളുടെ ശിപാർശപ്രകാരം നയപരവും സാമ്പത്തിക ബാദ്ധ്യതവരുന്നതുമായ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി കൈക്കൊള്ളുകയും ആവശ്യമായവയ്ക്ക് എംപവേർഡ് കമ്മിറ്റിയുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്.

(ബി) 59 പ്രാവശ്യം കമ്മിറ്റി കൂടിയിട്ടുണ്ട്. ഭാരവാഹികളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ഉണ്ട്. അധികാരപരിധിയിൽ വരുന്ന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

ദേശീയ ഗെയിംസിന്റെ നടത്തിപ്പ്

290 (296) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പും ഉദ്ഘാടന-സമാപന പരിപാടികളുമായും ബന്ധപ്പെട്ട് ഉയർന്നു വന്ന ആരോപണങ്ങളെല്ലാം സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ;

(ബി) അന്വേഷണം നടത്താൻ തീരുമാനിച്ചതിനുശേഷം ആരോപണങ്ങൾ പാടെ തള്ളിക്കളയാനും അത് പരസ്യമായി പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുവാനും കാരണം എന്തായിരുന്നു; ഇത് പ്രാഥമികമായ ഏതെങ്കിലും അന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ ; മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം അന്വേഷണത്തെ സ്വാധീനിക്കുമെന്നറിയാമോ; ഗെയിംസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളെ കുറിച്ച് ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത്. വിശദമാക്കാമോ; ഇക്കാര്യത്തിൽ കായിക വകുപ്പ് മന്ത്രി ചീഫ് സെക്രട്ടറിക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തായിരുന്നു;

(സി) ഉദ്ഘാടന ചടങ്ങിന് ചെലവിട്ട തുക കൂടിയെന്നും സമാപന ചടങ്ങിലെ ചെലവ് കുറക്കുമെന്നും പിഴവുകളുണ്ടായിട്ടുണ്ടെന്നും ദേശീയഗെയിംസ് പ്രവർത്തനം അവലോകനം നടത്തിയതിനുശേഷം ചീഫ് സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായിരുന്നുവോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടിയതായി കണ്ടെത്തിയ ചെലവുകൾ എന്തെല്ലാമായിരുന്നു. സർക്കാറിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; സർക്കാരിൽ നിന്നും കൈപ്പറ്റിയ പണം ആരെല്ലാം തിരിച്ച് നൽകുകയുണ്ടായി;

(ഡി) ഗെയിംസ് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ വിലയിരുത്തലുകൾ സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(ഇ) ഗെയിംസ് ഉദ്ഘാടന പരിപാടി യാതൊരു അടുക്കും ചിട്ടയുമില്ലാതെ അലങ്കോലമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണക്കാർ ആരൊക്കെയാണ്;

(എഫ്) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ആരെല്ലാമായി എത്ര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു; അവ ഏതെല്ലാം; ഏതെല്ലാം കരാറുകളിൽ ലംഘനമുണ്ടായിട്ടുണ്ട്;

(ജി) സർക്കാരിനുണ്ടായ നഷ്ടം തിരിച്ചു നൽകാൻ തയ്യാറായവരിൽ നിന്നെല്ലാം ഈടാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത്?

<u>ഉത്തരം</u>

(എ&ബി) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. ഉടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉടർ നടപടികൾ സ്വീകരിക്കുന്നതാണ്. (സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകിയ കത്ത് അനുബന്ധമായി ചേർക്കുന്നു).*

(സി) മോഹൻലാലിന്റെ ഉദ്ഘാടന ദിവസത്തെ കലാപരിപാടിക്ക് നൽകിയിരുന്ന തുക തിരികെ ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന് നൽകിയിട്ടുണ്ട്.

(ഡി) ഔദ്യോഗികമായി ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 123 കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 38 കരാറുകളിലും. ഇതര ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 46 കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയം ഗ്യാലറി നിർമ്മാണത്തിന് കരാർ ഏറ്റെടുത്ത ശ്രീ. സജീവിനെ പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലതാമസമുണ്ടാക്കിയ സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുനരേർപ്പാട് ചെയ്യുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യ.

(ജി) നഷ്ടമുണ്ടായതായി ഇതേവരെ കണക്കാക്കിയിട്ടില്ല. ശ്രീ. മോഹൻലാൽ തിരിച്ചു നൽകിയ തുക കൈപ്പറ്റിയിട്ടുണ്ട്. മറ്റാരും തുക തിരികെ നൽകാനായി സമീപിച്ചിട്ടില്ല.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട പരാതികൾ

291 (297) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയഗെയിംസിന്റെ ഒരുക്കങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളെയും കെടുകാര്യസ്ഥതകളെയും സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) ഉന്നയിക്കപ്പെട്ട പരാതികൾ എന്തെല്ലാമായിരുന്നു ; അവ ഓരോന്നിന്റെയും കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ :

(സി) ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ദേശീയഗെയിംസുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു ; അവയിൽ യഥാസമയവും ഇനിയും കൈവരിക്കാൻ സാധ്യമായിട്ടില്ലാത്തവ എന്തെല്ലാമാണ് ;

(ഡി) ദേശീയഗെയിംസിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ടിരുന്നു ; അവയിൽ പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുള്ളവ എന്തൊക്കെയാണ് ;

(ഇ) ഗെയിംസിന്റെ വിവിധ കമ്മിറ്റികളിൽ നിന്ന് ആരെല്ലാം രാജിവെച്ചിട്ടുണ്ട് ; എന്തെല്ലാം കാരണങ്ങളാലാണ് രാജിവെച്ചത് ;

(എഫ്) ഒരുക്കങ്ങൾ വിലയിരുത്താൻ സംസ്ഥാനത്തെത്തിയ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികളും കായിക മന്ത്രാലയവും ഗെയിംസ് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ അറിയിച്ചിട്ടുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly